**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 939** **06-02-2023 - ൽ മറുപടിയ്ക്ക്**

**ബഫർ സോൺ മേഖലയുടെ ഉപഗ്രഹ സർവ്വെ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | 2022 ജൂൺ 3-ലെ സുപ്രീം കോടതി വിധി വന്നതിനുശേഷം ബഫർ സോൺ മേഖലയുടെ വിശദാംശം കണ്ടെത്തുന്നതിനായി സംസ്ഥാന സർക്കാർ ഉപഗ്രഹ സർവ്വെ നടത്തുവാൻ തീരുമാനിച്ചത് എന്നാണെന്നും ഏത് ഏജൻസിയാണ് ഉപഗ്രഹ സർവ്വെ നടത്തിയതെന്നും അറിയിക്കുമോ; | (എ) | ബഹു. സുപ്രീം കോടതിയുടെ 03-06-2022-ലെ ഉത്തരവിനെ തുടർന്ന് ബഹു. വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് ചേർന്ന യോഗത്തിലാണ് ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെയുള്ള വിവരശേഖരണം നടത്താൻ തീരുമാനിച്ചത്. സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെൻറർ (KSREC) മുഖാന്തിരമാണ് ഉപഗ്രഹ സർവ്വേ നടത്തി വിവരങ്ങൾ ശേഖരിച്ചത്. |
| (ബി) | ഉപഗ്രഹ സർവ്വെ പ്രകാരമുള്ള ഭൂപടം ലഭിച്ചത് എന്നാണെന്നും പ്രസ്തുത ഭൂപടം പ്രസിദ്ധീകരിച്ചത് എന്നാണെന്നും ഭൂപടം പ്രസിദ്ധീകരിക്കുന്നതിൽ കാലതാമസം നേരിടാൻ കാരണമെന്തായിരുന്നെന്നും വ്യക്തമാക്കുമോ; | (ബി) | സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29-08-2022-ൽ ചേർന്ന യോഗത്തിലാണ് കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെൻറർ കരട് റിപ്പോർട്ട് അവതരിപ്പിച്ചത്.<br>ഭൗതിക സ്ഥലപരിശോധന നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് രൂപീകൃതമായ വിദഗ്ധ സമിതിയുടെ 04-12-2022-ൽ ചേർന്ന യോഗത്തിലാണ് ഇത് സംബന്ധിച്ച് പൊതുജനങ്ങളുടെ അഭിപ്രായം കേൾക്കണമെന്ന വിഷയം ചർച്ചയായത്. ആയതിനെത്തുടർന്നാണ് KSREC ഉപഗ്രഹ ചിത്രങ്ങൾ മുഖാന്തരം തയ്യാറാക്കിയ റിപ്പോർട്ടും സർവ്വേ നമ്പർ ഉൾപ്പെടെയുള്ള നിർമ്മിതികളുടെ വിവരങ്ങളും മാപ്പുകളും പഞ്ചായത്ത് / നഗരസഭ സംബന്ധിച്ച വിവരങ്ങൾ സഹിതം സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളത്. ആയതിൽ കാലതാമസം നേരിട്ടിട്ടില്ല. |
| (സി) | ഉപഗ്രഹ സർവ്വെയിൽ റവന്യൂ ഭൂമി വനഭൂമിയായി | (സി) | ഇക്കോ സെൻസിറ്റീവ് സോൺ സംബന്ധിച്ച് |

| | | | |
|---|---|---|---|
| | രേഖപ്പെടുത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് ഇപ്രകാരം പിഴവ് സംഭവിച്ചതെന്നും വനഭൂമിയായി തെറ്റായി രേഖപ്പെടുത്തിയ സ്ഥലങ്ങൾ ഏതൊക്കെയാണെന്നും അവയുടെ വിസ്തീർണ്ണം എത്രയാണെന്നും വ്യക്തമാക്കുമോ; | | സംസ്ഥാന സർക്കാർ പ്രസിദ്ധീകരിച്ച ഭൂപടങ്ങളിൽ റവന്യൂഭൂമി വനഭൂമിയായി രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ അപ്രകാരം സംഭവിച്ചിട്ടുണ്ടെന്ന രീതിയിൽ മൂന്ന് പരാതികൾ (തൃശ്ശൂർ ഡിവിഷൻ-2, പെരിയാർ വെസ്റ്റ് ഡിവിഷൻ-1) ലഭിച്ചിട്ടുണ്ട്.<br><br>കേരള സർക്കാരിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്ന ചിമ്മിനി വന്യജീവി സങ്കേതത്തിന്റെ ഇക്കോ സെൻസിറ്റീവ് സോൺ ഭൂപടത്തിൽ "പരിയാരം" എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നുവെന്ന് കാണിച്ച് സൈജു.പി.സി എന്നയാൾ 1006/23 നമ്പരായി ബഹു. കേരള ഹൈക്കോടതിയിൽ ഒരു റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. ടി വിഷയത്തിൽ കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻറ് എൻവയോൺമെൻറ് സെൻറർ തയ്യാറാക്കി സർക്കാരിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച ചിമ്മിനി വന്യജിവി സങ്കേതത്തിന് ചുറ്റുമുള്ള ഇക്കോ സെൻസിറ്റീവ് സോണിൽ പരിയാരം എന്ന രേഖപ്പെടുത്തലുണ്ടായിരുന്നു. എന്നാൽ പരിയാരം പഞ്ചായത്ത് നിർദ്ദിഷ്ട ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുന്നതല്ല. ഈ അപാകത ടി പ്രദേശത്തെ ജനങ്ങളിൽ ആശയക്കുഴപ്പവും ആശങ്കയും സൃഷ്ടിച്ചതായി മനസ്സിലാക്കിയതിനെത്തുടർന്ന് വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച ഭൂപടത്തിൽ നിന്നും പരിയാരം എന്ന രേഖപ്പെടുത്തൽ ഒഴിവാക്കുന്നതിനായി 11-01-2023-ൽ KSREC ന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| (ഡി) | ഈ വിഷയത്തിൽ പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പരാതികൾ ലഭിച്ചുവെന്നും ഏതൊക്കെ മേഖലകൾ സംബന്ധിച്ചാണ് പരാതി ലഭിച്ചതെന്നും വിശദമാക്കുമോ? | (ഡി) | ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപനം സംബന്ധിച്ച് സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച രേഖകൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതികൾ ഉണ്ടെങ്കിൽ ആയത് നിർദ്ദിഷ്ട പ്രൊഫോർമയിൽ അറിയിക്കുന്നതിന് 2023 ജനുവരി 7-വരെ അവസരം നൽകിയിരുന്നു. അപ്രകാരം ലഭിച്ച 63615 പരാതികളിൽ 02.02.2023 വരെ 62640 പരാതികൾക്ക് പരിഹാരം കാണുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ